പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2752 02.04.2013ൽ മറുപടിയ്ക്ക്

## എൽ. ബി. എസിലെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. റ്റി. ജോർജ് | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എൽ. ബി. എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണതത്വം പാലിച്ചാണോ അദ്ധ്യാപക നിയമനം നടത്തുന്നത്; | (എ) അതെ. |
| (ബി) പ്രസ്തുത കോളേജുകളിൽ ലത്തീൻ കത്തോലിക്ക (എൽ.സി) വിഭാഗത്തിന് സംവരണതത്വം അനുസരിച്ചുള്ള നിയമനം ലഭിച്ചിട്ടില്ല എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) ലഭിച്ചിട്ടുണ്ട്. ലത്തീൻ കത്തോലിക്ക (എൽ.സി) വിഭാഗത്തിന് MRI 68 ടേൺ വരുമ്പോൾ മാത്രമേ നിയമനം നൽകാനാകൂ എന്ന വിവരം പരാതിക്കാരനെ എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) നിലവിലുള്ള ലിസ്റ്റിൽ നിന്നുംകമ്പ്യൂട്ടർ സയൻസ്/ ഐ. റ്റി വിഭാഗത്തിൽ ലക്ച്ചർ പോസ്റ്റിൽ എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട്; | (സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും 7 പേർക്ക് ലക്ചറർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2002 മുതൽ എൽ. ബി. എസിൽ സംവരണതത്വം അനുസരിച്ചാണോ നിയമനം നടത്തി വരുന്നത്; അന്നുമുതൽ ഇതുവരെ എത്ര പേരെ കംപ്യൂട്ടർ സയൻസ്/ ഐ.റ്റി. വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണം എൽ. സി. വിഭാഗത്തിന് നൽകിയിട്ടുണ്ട്; | (ഡി) | അതെ.<br>43 പേർക്ക് നിയമന ഉത്തരവ് നൽകുകയും, 33 പേരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ എൽ. സി. വിഭാഗ ത്തിനുള്ള ടേൺ ആയിട്ടില്ല. |
| (ഇ) | കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എൽ. സി വിഭാഗത്തിൽ ആരെയും നിയമിച്ചിട്ടില്ലെങ്കിൽ റാങ്ക് ലിസ്റ്റിൽ ഇപ്പോൾ എൽ.സി. വിഭാഗം ഉണ്ടായിരുന്നിട്ടും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | കഴിഞ്ഞ പത്ത് വർഷത്തി-നുള്ളിൽ 33 നിയമനം മാത്രമേ നടന്നിട്ടുള്ളു. സംവരണ തത്വം അനുസരിച്ച് മുൻ ഒഴിവുകൾ പരിഗണിച്ചപ്പോൾ ഇപ്പോഴത്തെ ലിസ്റ്റിൽ നിന്നും MRI 52 SC തൊട്ടാണ് നിയമനം നടത്തിയത്. എൽ. സി. വിഭാഗ ത്തിനുള്ള ടേൺ MRI 68 -ൽ മാത്രമേ വരികയുള്ളു. ആയതിനാൽ എൽ. സി.-യ്ക്ക് നിയമനം നൽകിയിട്ടില്ല. |
| (എഫ്) | നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന സാഹചര്യത്തിൽ എൽ. സി വിഭാഗത്തിന് അർഹതപ്പെട്ട നിയമനം നൽകാൻ തയ്യാറാകുമോ യെന്ന് വ്യക്തമാക്കുമോ? | (എഫ്) | എൽ. സി. വിഭാഗത്തിന് ഈ ലിസ്റ്റ് പ്രകാരം അറുപത്തി എട്ടാമത് ടേൺ വരുമ്പോഴേ നിയമനം കിട്ടുകയുള്ളു. ഇപ്പോൾ അൻപത്തി ഒൻപതാമത്തെ ടേൺ വരെ മാത്രമേ ആയിട്ടുള്ളു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ